# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ:06**

*നമ്മുടെ അധികാരത്തിൽപെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

സാമൂഹ്യതിന്മകൾക്കെതിരെ ശക്തവും ധീരവുമായ നിലപാടുകൾ എടുത്തിട്ടുള്ള നമ്മുടെ സഭ ഇന്നും ക്രിയാത്മകമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ. ലഹരിവസ്തുക്കളുടെ ലഭ്യതയും ഉപയോഗവും ഈ കാലഘട്ടത്തിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇലക്ട്രോണിക് ഉപകരണങ്ങളുടെ അമിത ഉപയോഗത്തിലൂടെ യുവജനങ്ങളും കൗമാരക്കാരും ബിഹേവിയറൽ അഡിക്ഷണിലേക്ക് വീണുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ലഹരിക്കെതിരെയുള്ള പോരാട്ടം കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുവാൻ സഭ പ്രതിജ്ഞാബദ്ധമാണ്.

കാലംചെയ്ത ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പൗരോഹിത്യ വജ്രജൂബിലി യോടനുബന്ധിച്ച് ആരംഭിച്ച ലഹരിവിമോചന സമിതിയുടെ പ്രവർത്തനങ്ങൾ എല്ലായിടത്തും കൂടുതൽ ശക്തമാക്കേണ്ടതുണ്ട്.

മലയാലപ്പുഴ നവജീവകേന്ദ്രം, കോട്ടയം മോചന, പേയാട് നൈർമല്യ, വാളകം ആശ്വാസ്, അടൂർ അനുഗ്രഹ, കിടങ്ങന്നൂർ നവദർശൻ, വയനാട് മുക്തി, അഗളി ദർശന, കുമ്പനാട് കൗൺസലിംഗ് സെന്റർ, പൊള്ളാച്ചി മിഷൻ മുതലായ ഡീ അഡിക്ഷൻ സെന്ററുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ, കൗൺസലിംഗ്, ആൽക്കഹോളിക്സ് അനോണിമസ് മീറ്റിംഗ് തുടങ്ങിയവ നടത്തിവരുന്നു. ഇവിടെയെല്ലാം കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടുള്ള കൗൺസലിംഗും ചികിത്സയും തുടർന്നുകൊണ്ടിരിക്കുന്നു.

2021 ജനുവരി 10 ഞായർ ലഹരി വിരുദ്ധ ദിനമായി വേർതിരിച്ചിരിക്കുന്നു. ആ ദിവസത്തേക്കായി പ്രത്യേകം തയ്യാർചെയ്തിരിക്കുന്ന ആരാധനാക്രമം ഇടവകകളിൽ ഉപയോഗിക്കേണ്ടതാണ്. ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ യുവജനങ്ങളുടെയും കുട്ടികളുടെയും നേതൃത്വത്തിൽ കോവിഡ് പ്രൊട്ടോക്കോൾ പാലിച്ച് ക്രമീകരിക്കേണ്ടതാണ്.

സമ്പത്തു വർദ്ധിപ്പിക്കുന്നതിന് ധാർമ്മികതകളെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് ഏതറ്റം വരെയും പോകാനുള്ള പ്രവണത വർദ്ധിച്ചുവരുന്ന ഇക്കാലത്ത് നമ്മുടെ സഭാംഗങ്ങൾ ലഹരിവസ്തുക്കളുടെ ഉത്പാദനത്തിനോ, വില്പനയ്ക്കോ, ഉപയോഗത്തിനോ യാതൊരു രീതിയിലുമുള്ള പ്രോത്സാഹനവും നല്കുവാൻ പാടില്ല. ലഹരിവസ്തുവിന്റെ ഉപയോഗത്തിൽ നിന്നും പൂർണ്ണമായി വിട്ടു നിന്ന് ക്രിസ്തീയസാക്ഷ്യത്തിൽ ഓരോസഭാംഗവും നിലനിൽക്കേണ്ടതാണ്. ആയതിനാവശ്യമായ പരിശുദ്ധാത്മ ശക്തിലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ല പുലാത്തീനിൽ നിന്നും 2020 ഡിസംബർ 22-ാം തീയതി

Theodosius Malabar

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

## മലങ്കര മാർത്തോമ്മാ സുറിയാനി സഭ
## ലഹരി വിരുദ്ധ ഞായർ
## 2021 ജനുവരി 10

### ആരാധനക്രമം

(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടു കൂടിയത്)

''മാനത്തോടെ ഇരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചു പോകുന്ന മൃഗങ്ങൾക്കു തുല്യനത്രെ" (സങ്കീ. 49:20)

പാട്ട് : ക്രി.കീ. 83 പാപത്തിൻ വൻ വിഷത്തെ...

കൗമ്മാ :

### പ്രാരംഭ പ്രാർത്ഥന

സ്തുതികളിന്മേൽ വസിക്കുന്ന സർവ്വശക്തനായ പിതാവാം ദൈവമേ, നീ സകല ഹൃദയങ്ങളെയും ശോധന ചെയ്യുകയും എല്ലാരുടെ ചിന്തകളെയും നിയന്ത്രിക്കുകയും ചെയ്യുന്നതുകൊണ്ട് നിനക്ക് സ്തോത്രം. നിന്റെ പ്രമാണങ്ങളെ വിട്ടു സ്വാർത്ഥതയുടെ വഴിയിൽ നടന്നു പാപം ചെയ്തവരായ ഞങ്ങളെ വീണ്ടെടുത്ത പുത്രനായ ദൈവമേ നിനക്കു വന്ദനം. നിന്ദ്യമായ വിചാരങ്ങളെയും വികാരങ്ങളെയും ഞങ്ങളിൽനിന്നകറ്റാൻ ഞങ്ങൾക്കു ബോധം വരുത്തുന്ന പരിശുദ്ധാത്മാവേ, നിനക്കു സ്തുതി. വഴിയും സത്യവും ജീവനുമാകുന്ന ത്രിയേക ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിച്ച് ഞങ്ങൾക്ക് സൗഖ്യവും നിരപ്പും സമാധാനവും നല്കണമേ. ആമേൻ

### സ്തോത്ര പ്രാർത്ഥന

*ശുശ്രൂഷകൻ:* ദൈവമായ കർത്താവേ, ക്രിസ്തുവിന്റെ ശരീരമായ ലോകമെമ്പാടുമുള്ള മലങ്കര മാർത്തോമ്മാ സുറിയാനി സഭയിൽ ലഹരി വിരുദ്ധ ദിനമായി ഈ വിശുദ്ധദിനം വേർതിരിക്കുവാൻ ലഭിച്ച കൃപയ്ക്കായി നന്ദിയോടെ നിനക്ക് സ്തോത്രം. ലഹരിക്കടിമപ്പെട്ടുപോയ ഞങ്ങളുടെ സഹോദരങ്ങളെ സ്നേഹിക്കുവാനും അവരെ സൗഖ്യത്തിലേക്ക് നയിക്കുന്നതിനും അവരുടെ കാവൽക്കാരായും ഞങ്ങളെ ആക്കിയിരിക്കുന്നതിനാൽ ദൈവമേ...

*ജനം:* **ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

*ശു.* സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടുപോയവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ ശ്രദ്ധിച്ചിരുന്ന കർത്താവേ, ഈ തലമുറയിലും എല്ലാ നിലയിലും തള്ളപ്പെട്ടുപോയവരെ നിന്റെ സ്നേഹവലയത്തിൽ ആക്കുവാൻ നീ മതിയായവനാകയാൽ ദൈവമേ...

*ജനം:* **ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

*ശു.* ലഹരി ആസക്തരോട് ശരിയായ രീതിയിൽ ഇടപെടുന്നതിനും അവരെയും കർത്താവ് സ്നേഹിക്കുന്നു എന്ന സന്ദേശം പങ്കുവെക്കുന്നതിനും ലഹരിക്കെതിരെ പോരാടുന്നതിനുമായി ഇടവക, സെന്റർ, ഭദ്രാസന, സഭാ തലങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മാർത്തോമ്മാ സഭാ ലഹരി വിമോചന സമിതികൾക്കായും ദൈവമേ...

*ജനം:* **ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

*ശു.* ആസക്തരെ വീണ്ടെടുക്കുക എന്നത് ഒരു പ്രധാന ദൗത്യമായി സഭ ഏറ്റെടുക്കുകയും ലഹരി വിരുദ്ധ, ലഹരി വിമോചന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നതിനായി ദൈവമേ...

*ജനം:* **ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

*ശു.* ലഹരി ആസക്തി ഒരു ഗുരുതര രോഗാവസ്ഥയാണെന്നുള്ള അവബോധം ഞങ്ങൾക്ക് നല്കി, അതിൽ അകപ്പെട്ടവർക്ക് പരിചരണവും ശുശ്രൂഷയും നല്കേണ്ടതാണെന്നുള്ള വലിയ തിരിച്ചറിവ് ഞങ്ങൾക്ക് നല്കിയിരിക്കുന്നതിനുമായി ദൈവമേ...

*ജനം:* **ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

*ശു.* ലഹരി വിമോചന ചികിത്സാ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മലയാലപ്പുഴ നവജീവകേന്ദ്രം, കോട്ടയം മോചന, വയനാട് മുക്തി, അട്ടപ്പാടി ദർശന, പേയാട് നൈർമ്മല്യ, കിടങ്ങന്നൂർ നവദർശൻ, അടൂർ അനുഗ്രഹ, കൊട്ടാരക്കര ആശ്വാസ്, പൊള്ളാച്ചി മിഷൻ എന്നീ കേന്ദ്രങ്ങൾക്കായും *ആൽക്കഹോളിക്ക്സ് അനോണിമസ്* എന്ന പ്രസ്ഥാനത്തിനായും അതിന്റെ പ്രവർത്തകർക്കായും ദൈവമേ...

*ജനം:* **ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

### അനുതാപ പ്രാർത്ഥന

*ശുശ്രൂഷകൻ:* അനവരതമായ നന്മകൾ നല്കി ഞങ്ങളെ അനുഗ്രഹിച്ചിട്ടും സ്വാർത്ഥതയും ആർത്തിയും ആസക്തിയും മൂലം ജീവൻ ഹനിക്കപ്പെടുന്ന വികല ജീവിതക്രമങ്ങളിലേക്ക് സഞ്ചരിപ്പാനുള്ള ഞങ്ങളുടെ പ്രവണതകളെ കർത്താവേ...

*ജനം:* **ഞങ്ങളോട് ക്ഷമിക്കണമേ.**

*ശു.* ദൈവിക പദ്ധതിപ്രകാരമുള്ള ജീവിതശൈലിയെയും ഭക്ഷണ രീതിയെയും ആത്മിക ക്രമങ്ങളെയും ബന്ധങ്ങളെയും മറന്ന് ലൗകിക താല്പര്യങ്ങൾക്കും ജഡീക ഉല്ലാസങ്ങൾക്കുമായി ജീവിതം ഉഴിഞ്ഞുവെച്ച ഞങ്ങ

ളുടെ സമൂഹത്തിന്റെ ഭോഷത്വത്തെ കർത്താവേ ...

*ജനം:* **ഞങ്ങളോട് ക്ഷമിക്കണമേ.**

*ശു.* ലഹരി ആസക്തരെ പലപ്പോഴും ഞങ്ങൾ ശ്രദ്ധിക്കാതെ പോയതും അവരുടെ കുടുംബത്തിന്റെയോ കുഞ്ഞുങ്ങളുടെയോ അവസ്ഥയും കണ്ണുനീരും മനസ്സിലാക്കാതെ പോയതും അവർക്ക് യാതൊരുവിധ സഹായവും എത്തിച്ചുകൊടുക്കാതെയും അവരും ദൈവമുമ്പാകെ വിലയുള്ളവരാണെന്നത് കാണാതെ പോയതുമായ ഞങ്ങളുടെ ഹൃദയകാഠിന്യത്തെ കർത്താവേ...

*ജനം:* **ഞങ്ങളോട് ക്ഷമിക്കണമേ.**

*ശു.* പിതാവേ, ഞങ്ങൾക്ക് ഏറെ ഇഷ്ടമുള്ള ചില ശീലങ്ങൾ, ഉപയോഗങ്ങൾ, ബന്ധങ്ങൾ എന്നിവ ഉറ്റവരെ അറിയിക്കാതെ മറച്ചുവെച്ചും കളവു പറഞ്ഞും തുടരുന്നത് ഞങ്ങളുടെ മരണകാരണമാകാൻ ഇടയുള്ള ആസക്തിയെ പരിപോഷിപ്പിക്കലാണെന്ന് അറിയാതെ പോയത് കർത്താവേ...

*ജനം:* **ഞങ്ങളോട് ക്ഷമിക്കണമേ..**

*ശു.* ലഹരി ആസക്തരെയും നീ സ്നേഹിക്കുന്നു എന്നുള്ളതും അവരും നിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടത് എന്നുള്ളതും ഞങ്ങൾ മറന്നു പോയിട്ട്, അവർ തികച്ചും പാപികളാണെന്നു മുദ്രകുത്തിപ്പോയ ഞങ്ങളുടെ കുറവിനെ കർത്താവേ...

*ജനം:* **ഞങ്ങളോട് ക്ഷമിക്കണമേ.**

## സമർപ്പണ പ്രാർത്ഥന

*(എല്ലാവരും ചേർന്ന്)* സകലത്തിന്റെയും സൃഷ്ടാവും പരിപാലകനുമായ ദൈവമേ, ഞങ്ങളുടെ ആസക്തികളിൽ നിന്നും ഞങ്ങളെ വിടുവിച്ച് എല്ലാവിധ ലഹരിയും ഉപേക്ഷിക്കുവാനുള്ള ഇച്ഛാശക്തി ഞങ്ങൾക്ക് നല്കി ദൈവീക പദ്ധതിയിൽ ഞങ്ങളുടെ ജീവിതം ആക്കിത്തീർക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. പൂർണ്ണമനസ്സോടെ നിന്നെ സ്നേഹിക്കുവാനും നിനക്കുവേണ്ടി പ്രവർത്തിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കേണമേ. എല്ലാവരും ക്രിസ്തുവിങ്കലേക്കു വളരുവാൻ പ്രാപ്തരാണെന്നുള്ള ബോധ്യത്തോടെ നഷ്ടപ്പെട്ടവരെ വീണ്ടെടുക്കുവാനും ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളെ തിരുമുമ്പാകെ സമർപ്പിക്കുന്നു... ആമേൻ.

## മദ്ധ്യസ്ഥ പ്രാർത്ഥന

**(വിശുദ്ധ കുർബാന മദ്ധ്യേയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ഉപയോഗിക്കുക)**

മനുഷ്യനിലെ മൂല്യങ്ങൾ ഇല്ലാതാക്കുകയും ദൈവിക പദ്ധതികളിൽനിന്നും വ്യതിചലിപ്പിക്കുകയും ചെയ്യുന്ന സകല സ്വാധീനങ്ങളിൽ നിന്നും ആസക്തികളിൽനിന്നും മനുഷ്യവർഗ്ഗത്തെ കർത്താവേ, നീ വിടുവിക്കേണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം

തങ്ങളെ എല്പിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങളെ മറന്നു പോകുന്ന അവസ്ഥയിലേക്ക് നയിക്കുന്ന വിവിധ തരം ഗെയിമുകൾ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ അമിത സ്വാധീനം എന്നിവയിൽ നിന്നും ഞങ്ങളുടെ ബാല്യ-കൗമാരങ്ങളെ നീ രക്ഷിക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം

നവ മാധ്യമങ്ങളുടെയും അവിശുദ്ധ സംഘങ്ങളുടെയും വലയിൽ വീണുപോകുന്ന യൗവ്വനങ്ങളെ നീ വീണ്ടെടുക്കണമേ. ലഹരി വസ്തുക്കൾക്കും ആസക്തിയുളവാക്കുന്ന സ്വഭാവങ്ങൾക്കും അടിമകളായി പോയിട്ടുള്ള കുടുംബങ്ങളെ നീ രക്ഷിക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം

ലഹരി പാദർത്ഥങ്ങളിൽനിന്നും അകന്നുനിൽക്കുന്ന ഒരു പുതുതലമുറ ഉണ്ടാകുവാനും തങ്ങളുടെ ലക്ഷ്യത്തിൽനിന്നും പിന്തിരിയാതെ ദൈവിക മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുവാനും സഹായിക്കണമേ. ലഹരിയുടെ വരുമാനമല്ല മാനവശേഷിയാണ് രാഷ്ട്രനിർമ്മാണത്തിന് ആവശ്യമെന്ന തിരിച്ചറിവ് ഭരണകൂടത്തിന് നല്കുകയും അങ്ങനെ യൗവ്വനക്കാർ ശരിയായ പന്ഥാവിൽ നയിക്കപ്പെടുവാൻ ഇടയാകുകയും ചെയ്യണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.